പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 370 — 28.10.2019 -ൽ മറുപടിക്ക്

## മണ്ണെണ്ണ വിഹിതത്തിലെ വെട്ടിക്കുറയ്ക്കൽ

| ചോദ്യം<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്രം വീണ്ടും വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ; | (എ) ഉണ്ട്. വൈദ്യുതീകരിക്കാത്ത വീടുകൾക്കും പാചക വാതക കണക്ഷൻ ഇല്ലാത്ത വീടുകൾക്കും മാത്രം സബ്സിഡി മണ്ണെണ്ണ നിജപ്പെടുത്തുക എന്ന നയമാണ് കേന്ദ്ര സർക്കാർ ഇതിനുള്ള കാരണമായി ചൂണ്ടിക്കാണിക്കുന്നത്. |
| (ബി) മുൻഗണനാവിഭാഗത്തിന് ഒരു മാസം അനുവദിച്ചിരുന്ന അര ലിറ്റർ മണ്ണെണ്ണ നിർത്തലാക്കിയിട്ടുണ്ടോ ; | (ബി) ഇല്ല. കേന്ദ്ര സർക്കാർ സബ്സിഡി മണ്ണെണ്ണയുടെ അലോട്ട്മെന്റിൽ കുറവ് വരുത്തിയത് മൂലമുണ്ടായ സ്റ്റോക്കിലെ കുറവ് മൂലം 2019 സെപ്തംബർ മാസത്തിൽ എൻ.പി.എൻ.എസ് വിഭാഗത്തിനെ സബ്സിഡി മണ്ണെണ്ണ വിതരണത്തിൽ നിന്നും ഒഴിവാക്കിയിരുന്നു. |
| (സി) നിലവിൽ ത്രൈമാസ അലോട്ട്മെന്റായി എത്ര കിലോലിറ്റർ മണ്ണെണ്ണയാണ് കേന്ദ്രം അനുവദിച്ചിട്ടുള്ളത് ; | (സി) 9264 കിലോ ലിറ്റർ. |
| (ഡി) മണ്ണെണ്ണ വിഹിതം പുന:സ്ഥാപിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്മേലുള്ള പ്രതികരണം എന്താണ്; വിശദമാക്കുമോ ? | (ഡി) ഉണ്ട്. വൈദ്യുതീകരിച്ച വീടുകളുടെ എണ്ണത്തിലും പാചകവാതക കണക്ഷനുകളുടെ എണ്ണത്തിലും കേരളം മറ്റു സംസ്ഥാനങ്ങളെക്കാൾ വളരെ മുന്നിലാണെന്ന കാര്യം ചൂണ്ടിക്കാട്ടി മണ്ണെണ്ണ വിഹിതം പുന:സ്ഥാപിക്കണമെന്ന ആവശ്യം കേന്ദ്രം നിരസിക്കുകയാണ് ഉണ്ടായത്. |

സെക്ഷൻ ഓഫീസർ